**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ വിഭാഗം), നടപടിക്രമങ്ങൾ, തിരുവനന്തപുരം</u>**

**<u>ഹാജർ : ഉമേഷ്.എൻ.എസ്.കെ , IAS</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ് വിഭാഗം – ജീവനക്കാര്യം - ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ 2025-26 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

ജീവനക്കാര്യം (ഇ6) വിഭാഗം

ഉത്തരവ് നം. വി.എച്ച്.എസ്.ഇ/3282/2025-ഇ6 **30-01-2026**

---

പരാമർശം :- 1. 29/06/2021 തീയതിയിലെ സ.ഉ.(കൈ) നം. 152/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

2. 24/12/2021 തീയതിയിലെ സ.ഉ.(കൈ) നം. 288/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3. 06/11/2023 തീയതിയിലെ സ.ഉ.(കൈ) നം. 170/2023/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

4. 19.05.2025 തീയതിയിലെ ഈ ഓഫീസിലെ വി.എച്ച്.എസ്.ഇ /947/2025-ഈ7 പരിപത്രം

5. 31/05/2025 തീയതിയിലെ ഈ ഓഫീസിലെ വി.എച്ച്.എസ്.ഇ /947/2025-ഈ7 പരിപത്രം

6. 05/08/2025 തീയതിയിലെ എൻ2/94/2024- പൊ.വി.വ നമ്പർ സർക്കാർ കത്ത്.

7.02/08/2025 തീയതിയിലെ ഈ ഓഫീസിലെ വി.എച്ച്.എസ്.ഇ /947/2025-ഈ7 പരിപത്രം

8. 25/09/2025 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ പരിപത്രം.

**<u>ഉത്തരവ്</u>**

(1) മുതൽ (3) വരെയുള്ള പരാമർശങ്ങൾ പ്രകാരം വി.എച്ച്.എസ്.ഇ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിച്ച് സർക്കാർ ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം, 31/05/2025 ന് ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയവരെ ഓപ്പൺ വേക്കൻസി ആയി കണക്കാക്കി 19.05.2025 ന് കരട് വേക്കൻസി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. പരാമർശം (5) പ്രകാരം 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായി 31.05.2025 മുതൽ .05.06.2025 വരെ ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു.പരാമർശം (6) പ്രകാരമുള്ള സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നിയോഗിച്ച ഡോക്ടർമാർ അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിക്കുകയും അർഹരായവരെ റാങ്ക് ചെയ്യുകയും ചെയ്തിരുന്നു. പൊതുസ്ഥലംമാറ്റ അപേക്ഷകൾ ഓൺലൈൻ ആയി പ്രോസസ് ചെയ്ത്

നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ലഭ്യമാക്കിയ റിട്ടയർമെന്റ് ലിസ്റ്റ്, പ്രയോറിറ്റി ലിസ്റ്റുകളും, അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ്, **60%** ൽ കൂടുതൽ ഭിന്നശേഷിക്കാരായവരുടെ സ്ഥലംമാറ്റ ലിസ്റ്റ്, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്നവരുടെ ലിസ്റ്റ് തുടങ്ങിയവയുടെ കരട് റാങ്ക് ലിസ്റ്റുകളും, കരട് സ്ഥലംമാറ്റ പട്ടികകളും പരാമർശം **(7)** പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്മേലുള്ള പരാതികൾ ഇ-മെയിൽ മുഖേന സമർപ്പിക്കുന്നതിന് **05.08.2025** വരെ സമയം അനുവദിച്ചിരുന്നു. തുടർന്ന് ഹോം സ്റ്റേഷൻ ലിസ്റ്റ്, ത്രോൺ ഔട്ട് ഗ്രൂപ്പ് & കോഴ്സ് തുടങ്ങിയവയുടെ കരട് ലിസ്റ്റ് സൂചന **(8)** പ്രകാരം പ്രസിദ്ധീകരിക്കുകയും , ഇതിന്മേലുള്ള പരാതികൾ ഇ-മെയിൽ മുഖേന സമർപ്പിക്കുന്നതിന് **29.09.2025** , വരെ സമയം അനുവദിച്ചിരുന്നു.

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സമർപ്പിച്ച എല്ലാ പരാതികളും വിശദമായി പരിശോധിക്കുകയും മാനദണ്ഡപ്രകാരം അർഹമാണെന്ന് കണ്ടെത്തിയ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ സേവന പുസ്തകം/സ്പാർക്ക് ഡേറ്റ എന്നിവ പ്രിൻസിപ്പൽമാർ പരിശോധിച്ച് അപ്രൂവൽ ചെയ്ത്, **www.vhseportal.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്തിമ റാങ്ക് ലിസ്റ്റുകളും അന്തിമ സ്ഥലംമാറ്റ പട്ടികകളും തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ ഓൺലൈൻ അപേക്ഷയിൽ അവകാശപ്പെട്ട മുൻഗണന തെളിയിക്കുന്ന രേഖകളുടെയും ആയതിന്മേൽ പ്രിൻസിപ്പൽ നൽകിയ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്. ഏതെങ്കിലും ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർ തെറ്റായ വിവരങ്ങൾ നൽകി മുൻഗണന ആവശ്യപ്പെട്ട് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതും, തെറ്റായ വിവരങ്ങൾ സമർപ്പിച്ച ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർക്കും , ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പാളിനുമെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

നിലവിൽ പ്രസവാവധിയിൽ പ്രവേശിച്ചവർ, **60%**-ൽ കൂടുതൽ ഭിന്നശേഷിക്കാരായവർ, **31/05/2027** തീയതിയ്ക്കകം സർവ്വീസിൽ നിന്നും വിരമിക്കുന്നവർ, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്ന ജീവനക്കാർ, മറ്റ് മുൻഗണനാ വിഭാഗക്കാർ തുടങ്ങിയവർ ഓൺലൈൻ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടി മുൻഗണനയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡമനുസരിച്ച് പൊതുസ്ഥലംമാറ്റത്തിൽ പരിഗണന നൽകിയിട്ടുണ്ട്. നിലവിൽ **31/05/2025** ന് ആകെ സർവ്വീസ് **2** വർഷം മാത്രം പൂർത്തിയാക്കിയ ദുർഘട മേഖലയിലെ സ്കൂളുകളിൽ പുതുതായി ജോലിയിൽ പ്രവേശിച്ചവരുടെയും അപേക്ഷകൾ പൊതുസ്ഥലംമാറ്റത്തിന് പരിഗണിച്ചിട്ടുണ്ട്. **31/05/2027** തീയതിക്കകം വിരമിക്കുന്ന ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ തന്നെയാണ് ആദ്യ ഓപ്ഷൻ നൽകിയിട്ടുള്ളതെങ്കിൽ, ടി ഓപ്ഷനുകളിലേയ്ക്ക് അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹതയുള്ളവർ, **60%** ൽ കൂടുതൽ ഭിന്നശേഷിക്കാരായവർ, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്നവർ തുടങ്ങിയ ജീവനക്കാർ അപേക്ഷിച്ചിട്ടില്ലായെങ്കിൽ, അവരെ ആ സ്കൂളിൽ തന്നെ നിലനിർത്തിയിട്ടുണ്ട്. ഒരു ജീവനക്കാരന് ഓൺലൈൻ അപേക്ഷയിൽ എത്ര ഓപ്ഷൻ വേണമെങ്കിലും നൽകാമെന്നു പരാമർശം **(5)** പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത് പ്രയോജനപ്പെടുത്താതെ പരിമിതമായ ഓപ്ഷനുകൾ നൽകിയതു കാരണം ചില ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർക്ക് (നിലവിൽ ജോലി ചെയ്യുന്ന ഇവരുടെ സ്കൂളിലേക്ക് യോഗ്യരായവർ വന്നതിനാൽ) ടിയാളുകളുടെ ഓപ്ഷനുകൾ അല്ലാത്ത

സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഗവൺമെന്റ് തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരുടെ **2025-26** അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം അന്തിമ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസ് ഉത്തരവ് തീയതി പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു. ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർ അന്തിമ റാങ്ക് ലിസ്റ്റ്, അന്തിമ പൊതുസ്ഥലംമാറ്റ ലിസ്റ്റ് റിട്ടയർമെന്റ് ലിസ്റ്റ്, പ്രയോറിറ്റി ലിസ്റ്റ്, ഹോം സ്റ്റേഷൻ ലിസ്റ്റ്, ത്രോൺ ഔട്ട് (ഗ്രൂപ്പ് & കോഴ്സ്) ലിസ്റ്റ്, അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ്, **60%** ൽ കൂടുതൽ ഭിന്നശേഷിക്കാരായവരുടെ സ്ഥലംമാറ്റ ലിസ്റ്റ്, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്നവരുടെ ലിസ്റ്റ്) **www.vhseportal.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സ്ഥലംമാറ്റം ലഭിച്ച ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരെ ഉടൻ പ്രാബല്യത്തിൽ തന്നെ വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്യപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരെ പോർട്ടൽ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഓഫ് ബോർഡ് ചെയ്യേണ്ടതാണ്. ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം ആയത് **www.vhseportal.kerala.gov.in** സൈറ്റിൽ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഏതെങ്കിലും ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർക്ക് അലോട്ട്മെന്റ് ലഭിക്കാതിരിക്കുകയും , ഒഴിവില്ലാതിരിക്കുകയും ചെയ്താൽ, ടി വിവരം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ , **dvhsee6@gmail .com** എന്ന ഇ -മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

**2024-2025** വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ, കണ്ടീഷണൽ ആയി സ്ഥലം മാറ്റം ലഭിച്ച ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർ ,**vhse** പോർട്ടലിൽ കണ്ടിഷണൽ എന്നതിന് പകരം റഗുലർ എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ , ആയതിന്മേൽ ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് സ്ഥലം മാറ്റം നൽകുന്നതാണ്. **2025-2026** വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ, കണ്ടീഷണൽ ആയി സ്ഥലം മാറ്റം ലഭിച്ച ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാരെ , **vhse** പോർട്ടലിൽ കണ്ടിഷണൽ എന്നതിന് പകരം റഗുലർ എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ , ടി പ്രിൻസിപ്പൽമാർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ **BLO** ഡ്യൂട്ടി ചെയ്യുന്ന ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർ , **ERO** മാരുടെ നിർദേശ പ്രകാരം സേവനത്തിൽ പ്രവേശിക്കേണ്ടതാണ് .

ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ **2025-26** വർഷത്തെ അന്തിമ പൊതുസ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ, അനുകമ്പാർഹ സ്ഥലംമാറ്റ ലിസ്റ്റ്, **60%**-ൽ കൂടുതൽ ഭിന്നശേഷിക്കാരായവർ ഉൾപ്പെട്ട ലിസ്റ്റ്, റിട്ടയർമെന്റ് ലിസ്റ്റ്, ഭിന്നശേഷിക്കാരായ മക്കളെ സംരക്ഷിക്കുന്ന ജീവനക്കാർ ഉൾപ്പെട്ട ലിസ്റ്റ്, മുൻഗണനാ വിഭാഗക്കാർ ഉൾപ്പെട്ട ലിസ്റ്റുകളും പ്രാബല്യത്തിൽ വരുത്തി ഉത്തരവാകുന്നു.

ഉമേഷ്.എൻ.എസ്.കെ , **IAS**

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ലബോറട്ടറി ടെക്നിക്കൽ അസ്സിസ്റ്റന്റ്മാർ
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ.
3. ബന്ധപ്പെട്ട മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർ.
4. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Signed by
Umesh N S K
Date: 30-01-2026 17:22:38